**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 288** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ധവള പത്രം ഇറക്കിയ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വന്നിരുന്ന ഗ്രാന്റുകളും പദ്ധതിവിഹിതവും വെട്ടിച്ചുരുക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലെ ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം റിപ്പോർട്ടിലെ ശിപാർശിയന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2026-27 സാമ്പത്തിക വർഷം, സംസ്ഥാന പദ്ധതി തുകയുടെ 28.5 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, സംസ്ഥാന പദ്ധതിയുടെ മൊത്തം തുകയിൽ ഉണ്ടാകുന്ന കുറവിന് അനുസൃതമായി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകേണ്ട വിഹിതത്തിലും കുറവുണ്ടാകുന്നതാണ്.

**(ബി)** മുൻ സർക്കാർ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം ആകെ അനുവദിച്ച 604046 വീടുകളിൽ 500364 വീടുകൾ പൂർത്തികരിക്കുകയും ബാക്കിയുള്ള 103682 വീടുകൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി എങ്ങനെ തുടരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; ലൈഫ് ഭവന പദ്ധതി നിർത്താൻ ആലോചനയുണ്ടോ;

**<u>മറുപടി:</u>** ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2016-17 മുതൽ 24.02.2026 വരെ അനുവദിച്ച 6,04,046 വീടുകളിൽ 5,00,364 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 1,03,682 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതി പ്രകാരം 30.04.2026 വരെ സംസ്ഥാനത്ത് 6,05,904 വീടുകൾ അനുവദിക്കുകയും 5,00,962 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1,04,942 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

ലൈഫ് പദ്ധതി നിർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**(സി)** ഉറവിട മാലിന്യ സംസ്കരണമുൾപ്പെടെ മാലിന്യ സംസ്കരണ രംഗത്ത് സംസ്ഥാനം പ്ലാൻ ചെയ്തു നടപ്പിലാക്കിരുന്ന ഒട്ടേറെ മാതൃകാപരമായ പദ്ധതികൾ തുടരുന്നുണ്ടോ;എങ്ങനെ തുടരാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് ഉറവിട മാലിന്യ സംസ്കരണം ഉൾപ്പെടെ മാലിന്യ സംസ്കരണ രംഗത്ത് നിരവധി മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനമായും ഹരിതകർമ്മ സേന മുഖേനയുള്ള ഡോർ ടു ഡോർ മാലിന്യ ശേഖരണം, ഉറവിടത്തിൽ തന്നെ ജൈവമാലിന്യ സംസ്കരണത്തിനായി കമ്പോസ്റ്റ് ബിന്നുകളും ബയോഗ്യാസ് പ്ലാന്റുകളും ഉൾപ്പെടെയുള്ള വികേന്ദ്രീകൃത സംവിധാനങ്ങൾ സ്ഥാപിക്കൽ, ഇവ സ്ഥാപിക്കുന്നതിനായി അംഗീകൃത ഏജൻസികളെ എംപാനൽ ചെയ്യൽ, ജൈവമാലിന്യങ്ങളിൽ നിന്ന് ബയോഗ്യാസ് ഉൽപ്പാദിപ്പിച്ച് അത് ശുദ്ധീകരിക്കുകയും കംപ്രസ് ചെയ്ത് ഇന്ധനമാക്കി മാറ്റുന്നതിനുമായി വാണിജ്യാടിസ്ഥാനത്തിൽ മേഖലാതല CBG പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ ഉൾപ്പെടുന്നു.

കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അജൈവമാലിന്യം താത്കാലികമായി സംഭരിക്കുന്നതിനായി ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, മിനി എം.സി.എഫുകൾ, കണ്ടെയിനർ എം.സി.എഫുകൾ എന്നിവ സ്ഥാപിക്കുകയും, മാലിന്യം തരംതിരിക്കുന്നതിനായി എം.സി.എഫ്/ ആർ.ആർ.എഫ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ഇവയുടെ സംഭരണശേഷിയും മാലിന്യോൽപ്പാദനവും തമ്മിലുള്ള വിടവ് കണ്ടെത്തുന്നതിനും അവയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സംസ്കരിക്കാൻ സാധിക്കാത്ത മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി റീജിയണൽ സാനിറ്ററി ലാൻഡ്ഫില്ലുകൾ സ്ഥാപിക്കുന്നതിനും, റീസൈക്ലിംഗ് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ എസ്റ്റേറ്റുകളിൽ റീസൈക്ലിംഗ് വ്യവസായ പാർക്കുകൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ, റിജക്ട്

മാലിന്യങ്ങളുടെ സംസ്കരണത്തിനായി RDF പ്ലാന്റുകളും വേസ്റ്റ് ടു എനർജി പ്ലാന്റുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

സാനിറ്ററി മാലിന്യം, പൗൾട്രി മാലിന്യം, C& D മാലിന്യം, മത്സ്യ മാലിന്യം തുടങ്ങിയ പ്രത്യേക വിഭാഗം മാലിന്യങ്ങളുടെ സംസ്കരണത്തിനായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും അംഗീകൃത ഏജൻസികളെ എംപാനൽ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വർഷങ്ങളായി കെട്ടിക്കിടക്കുന്ന വലിയ മാലിന്യക്കൂമ്പാരങ്ങൾ കണ്ടെത്തി അവ ബയോ മൈനിംഗ് പ്രക്രിയയിലൂടെ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

എല്ലാ സർക്കാർ, പൊതുപരിപാടികളിലും ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി ഒഴിവാക്കി ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നു.

ഇതോടൊപ്പം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തി, ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026-ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ശാസ്ത്രീയ മാലിന്യ സംസ്കരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെ കേരളത്തെ സമ്പൂർണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്.

**(ഡി)** കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് പുനഃപരിശോധിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**